പ്രഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- വൈക്കം സെന്റ് സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പൽ & ഡി.ഡി.ഒ ആയ പ്രൊഫ.ഡോ.ജിംസൺ .ഡി. പറമ്പിൽ -ന്റെ പേരിലുള്ള KSID/LI/10105042340 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ലും 20.5 -ലും ഇളവ് നൽകി - പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3635/2025/ധന** **തിരുവനന്തപുരം, തീയതി, 16/04/2025**

പരാമർശം :- 1. പ്രൊഫ.ഡോ.ജിംസൺ .ഡി. പറമ്പിൽ സമർപ്പിച്ച 27/12/2024 തീയതിയിലെ അപേക്ഷ
2. ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടറുടെ 19/03/2025 തീയതിയിലെ കെ.എസ്.ഐ.ഡി/1112/2024 എച്ച്. ക്യൂ ജി.എസ് 5 നമ്പർ കത്ത്.
3. 16/11/1988 - ലെ സ.ഉ (പി) നം.840/88/ധന ഉത്തരവ്.

**<u>ഉത്തരവ്</u>**

വൈക്കം സെന്റ് സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പൽ & ഡി.ഡി.ഒ ആയ പ്രൊഫ.ഡോ.ജിംസൺ .ഡി. പറമ്പിൽ, ടിയാന്റെ പേരിലുള്ള KSID/LI/10105042340 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം തീർപ്പാക്കിയത് പുനഃപരിശോധിച്ച് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രൊഫ.ഡോ.ജിംസൺ.ഡി.പറമ്പിൽ 19/04/2004 ൽ അംഗത്വം എടുത്ത 10105042340 നമ്പർ എസ്.എൽ.ഐ പോളിസിയിൽ 04/2005 വരെ മുടക്കമില്ലാതെ പ്രീമിയം കിഴിക്കൽ നടത്തിയതിനു ശേഷം 05/2005 മുതൽ 12/2005 വരെയുള്ള പ്രീമിയം ഒന്നിച്ച് 25/01/2006 ൽ ഒടുക്കു വരുത്തുകയാണ് ചെയ്തതെന്നും സർക്കാരിന്റെയോ വകുപ്പിന്റെയോ അനുമതിയോടു കൂടി പ്രസ്തുത കാലയളവിലെ പ്രീമിയം പലിശ സഹിതം ഒടുക്കി പോളിസി പുനരുജ്ജീവിപ്പിക്കാതിരുന്നതിനാൽ പരാമർശം (3) ലെ ഇൻഷ്വറൻസ് ചട്ടം 20.3, 20.5 പ്രകാരമാണ് കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫിസർ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്നും പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യു.ജി.സി യുടെ FIP പ്രോഗ്രാം ന്റെ ഭാഗമായുള്ള ഡെപ്യൂട്ടേഷൻ അനുവദിച്ച് ഉത്തരവാകുന്നതിൽ വന്ന കാലതാമസം മൂലം ശമ്പളം ലഭിക്കാൻ വൈകിയത് കാരണം മുടക്കം വന്ന, പ്രൊഫ.ഡോ.ജിംസൺ .ഡി. പറമ്പിൽ ന്റെ പേരിലുള്ള 10105042340 നമ്പർ എസ്.എൽ.ഐ പോളിസിയുടെ 05/2005 മുതൽ 12/2005 വരെയുള്ള കാലയളവിലെ കുടിശ്ശിക പ്രീമിയം ശമ്പള കുടിശ്ശിക ലഭിച്ചപ്പോൾ ഒറ്റത്തവണയായി 25/01/2006 ൽ ഒടുക്കു വരുത്തിയിരുന്നു. പിഴപ്പലിശ ഒടുക്കിയിട്ടില്ലാത്തതിനാലാണ് പോളിസി ലാപ്സായത്. കുടിശ്ശിക ശമ്പളം ലഭിച്ചയുടൻ തന്നെ മുടക്കം വന്ന കാലയളവിലെ പ്രീമിയം ഒടുക്കു വരുത്തിയിട്ടുണ്ട് എന്നതിനാലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 -ലും 20.5 -ലും ഇളവ് നൽകി, മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്തതിനു ശേഷം പോളിസിയുടെ (KSID/LI/10105042340) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കോട്ടയം (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)

പ്രൊഫ.ഡോ.ജിംസൺ .ഡി. പറമ്പിൽ, പ്രിൻസിപ്പൽ & ഡി.ഡി.ഒ, സെന്റ് സേവ്യേഴ്സ് കോളേജ്, കൊതവറ പി.ഒ, വൈക്കം 686607

വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 3014912/എസ്റ്റാ-ഡി2/2/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ